**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4731** **19-03-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ ജൽജീവൻ മിഷൻ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കരാറുകാർക്ക് പണം നൽകാതിരുന്നതിനാൽ കോഴിക്കോട് ജില്ലയിലെ ജൽജീവൻ മിഷൻ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കരാറുകാർക്ക് നിലവിൽ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് മുൻഗണനാപട്ടിക പ്രകാരം പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലിൽ പണം നൽകിവരുന്നുണ്ട്. |
| (ബി) | പാതി വഴിയിലായ പദ്ധതി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ; | (ബി) | പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി വിവിധ തലത്തിലുള്ള അവലോകന യോഗങ്ങൾ നടത്തുകയും പദ്ധതി പുരോഗതി വിലയിരുത്തുകയും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നിർദ്ദേശങ്ങൾ കരാറുകാർക്ക് നൽകുകയും ചെയ്തു വരുന്നുണ്ട്. |
| (സി) | തിരുവമ്പാടി മണ്ഡലത്തിലെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്നും ഇവ പൂർത്തീകരിച്ച് എപ്പോൾ കുടിവെള്ളം വിതരണം നിർവഹിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (സി) | തിരുവമ്പാടി മണ്ഡലത്തിൽ കാരശ്ശേരി, കൊടിയത്തൂർ, തിരുവമ്പാടി പഞ്ചായത്തുകളിൽ JJM പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കാരശ്ശേരി - 68%, കൊടിയത്തൂർ - 65%, തിരുവമ്പാടി - 90%, പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കാരശ്ശേരി 50 ലക്ഷം ലിറ്റർ ശേഷിയുള്ള ടാങ്കിന്റെ പ്രവൃത്തി 60% പൂർത്തീകരിച്ചു. ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി KSTP, KRFB, PWD റോഡുകളിൽ റോഡ് കട്ടിംങ് പെർമിഷൻ ലഭിക്കേണ്ടതുണ്ട്. ടി റോഡുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിക്കുന്ന മുറക്ക് പൈപ്പ് ലൈനുകൾ സ്ഥാപിച്ച് പദ്ധതി പൂർത്തിയാക്കി ജലവിതരണം സാധ്യമാക്കാവുന്നതാണ്. പുതുപ്പാടി പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന JJM പ്രവൃത്തി 70% പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ 197 km വിതരണ ശൃംഖല, 8244 HTC എന്നിവ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. 22 ലക്ഷം ലിറ്റർ ജലസംഭരണിയുടെ പ്രവൃത്തി 95% പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ എട്ടുത്തുവച്ച കല്ല്, ചുരം ഭാഗം, മരുതിലാവ് എന്നീ പ്രദേശങ്ങളിലേക്കുള്ള വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നുണ്ട്. എന്നാൽ ജല |

| | | | |
|---|---|---|---|
| | | | സംഭരണികൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല.<br><br>ചാത്തമംഗലം പഞ്ചായത്തിൽ നിർമിക്കുന്ന ജലശുദ്ധീകരണശാലയിൽ നിന്നും താന്നിക്കോട് മലയിൽ സ്ഥാപിക്കാനുള്ള ജലസംഭരണിയിലേക്ക് വെള്ളം പമ്പ്ചെയ്ത് എത്തിച്ചാണ് പുതുപ്പാടി ഉൾപ്പെടെ ഉള്ള 8 പഞ്ചായത്തുകളിലേക്ക് വെള്ളം വിതരണം ചെയ്യേണ്ടത്. പ്രസ്തുത ജലസംഭരണി നിർമിക്കുവാൻ ആവശ്യമായ സ്ഥലം വാങ്ങുന്നതിനായി പുതുപ്പാടി പഞ്ചായത്ത് തങ്ങളുടെ വിഹിതം അടവാക്കിയിട്ടില്ല. ടി ജലസംഭരണിയുടെ നിർമാണവും ദേശീയപാത 766 ലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കി ടി പ്രവൃത്തിയും പൂർത്തീകരിച്ചാൽ മാത്രമേ പുതുപ്പാടിപഞ്ചായത്തിൽ ജലവിതരണം ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. 2026 ഡിസംബർ മാസത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ